## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .3520 — 20-06-2019 -ൽ മറുപടിക്ക്

### പ്രളയക്കെടുതിയിൽ വീടും പുരയിടവും നഷ്ടപ്പെട്ടവർക്ക് പ്രത്യേക പരിഗണന

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീമതി.ഇ.എസ്.ബിജിമോൾ** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | പ്രളയക്കെടുതിയിൽ വീടും പുരയിടവും നഷ്ടപ്പെട്ട് പട്ടയഭൂമിയിൽ താമസിച്ചിരുന്നവർക്ക് സ്ഥലം വാങ്ങാൻ 6 ലക്ഷം രൂപ അനുവദി ക്കുമ്പോൾ ഇതേ സാഹചര്യത്തിൽ കൈവശാവകാശം മാത്രമുള്ള ഭൂമിയിൽ താമസിച്ചിരുന്ന ദുരിതബാധിതർക്ക് ഈ ആനുകൂല്യം ലഭിക്കുന്നില്ല എന്ന കാര്യം സർക്കാർ ശ്രദ്ധിച്ചിട്ടുണ്ടോ; | എ) | ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡം പ്രകാരം തകർന്ന വീട് ഒരു അംഗീകൃത നിർമിതി ആണെങ്കിൽ ദുരിതാശ്വാസ സഹായം അനുവദിക്കാവുന്നതാണ്. മാനദണ്ഡത്തിൽ വീട് പട്ടയം ഉള്ള ഭൂമിയിൽ ആയിരിക്കണം എന്നോ, ഭൂമിയുടെ അവകാശിയുടെ മാത്രം വീടിനെ സഹായം നല്കുവാൻ പാടുള്ളൂ എന്നോ ഇല്ല. അംഗീകൃത നിർമിതി ആണോ അല്ലയോ എന്നത് നിർണയിക്കേണ്ടത് സ്ഥലത്തെ തദ്ദേശ സ്ഥാപനം ആണ്. ഭൂമി പ്രളയത്തിലോ, ഉരുൾപൊട്ടലിലോ നഷ്ടപ്പെട്ടാൽ, അതിനുള്ള ദുരിതാശ്വാസ സഹായം ഭൂമിയുടെ ഉടമസ്ഥന് മാത്രമേ നല്കുവാൻ സാധിക്കൂ എന്ന് കേന്ദ്ര മാനദണ്ഡം നിഷ്കർഷിക്കുന്നു. പ്രളയക്കെടുതിയിൽ വീടും പുരയിടവും നഷ്ടപ്പെട്ട് കൈവശാവകാശം മാത്രമുള്ള ഭൂമിയിൽ താമസിച്ചിരുന്ന ദുരിതബാധിതർക്ക് അവരുടെ ബ്ലോക്കിൽ സർക്കാർ ഭൂമി ലഭ്യമായ സ്ഥലങ്ങളിൽ പകരം ഭൂമിയും ഭൂമി ലഭ്യമല്ലെങ്കിൽ ഭൂമി വാങ്ങുന്നതിനായി 6 ലക്ഷം രൂപാ വീതവും നൽകി പുനരധിവാസ പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| ബി) | പ്രസ്തുത ദുരിതബാധിതരിൽ ബഹുഭൂരിപക്ഷം പേർക്കും വീട് നിർമ്മിച്ച് നൽകുവാൻ സർക്കാർ അനുവദിച്ചിട്ടുള്ള ഭൂമി വാസയോഗ്യമോ അവരുടെ ഉപജീവനമാർഗ്ഗങ്ങൾ | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | തുടർന്നു കൊണ്ടുപോകുവാനോ കഴിയാത്ത നിലയിലുള്ളതാണെന്നത് ശ്രദ്ധിച്ചിട്ടുണ്ടോ; | | |
| സി) | പട്ടയഭൂമിയിൽ താമസിച്ചിരുന്ന ദുരിതബാധിതർക്ക് സ്ഥലം വാങ്ങുന്നതിന് 6 ലക്ഷവും വീടിന് 4 ലക്ഷവും എന്ന പ്രളയ ദുരിതാശ്വാസസഹായം, പ്രളയദുരിതാശ്വാസ ആനുകൂല്യ വിതരണ മാനദണ്ഡങ്ങളിൽ ഭേദഗതികൾ വരുത്തി കൈവശാവകാശ ഭൂമിയിൽ താമസിച്ചിരുന്ന ദുരിതബാധിതർക്കും സമാനമായ രീതിയിൽ പ്രസ്തുത ദുരിതാശ്വാസ സഹായം ലഭ്യമാക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ? | സി) | നടപടി സ്വീകരിച്ചിട്ടുണ്ട്. കൈവശാവകാശ ഭൂമിയിൽ താമസിക്കുന്ന ദുരിതബാധിതർക്ക് സ.ഉ.(കൈ)നം.13/2018/ഡി.എം.ഡി. തീയതി 16.08.2018 പ്രകാരം ഭൂമി വാങ്ങുന്നതിനായി 6 ലക്ഷം രൂപയും വീട് വയ്ക്കുന്നതിനായി 4 ലക്ഷം രൂപയും അനുവദിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ